(സി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തി അവയുടെ തീരുമാനങ്ങൾ ലഭിക്കുന്നമുറയ്ക്ക് പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും നിലവിലുള്ള ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 2014-15 സാമ്പത്തിക വർഷം 25 പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 70 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം പഞ്ചായത്തുകളുടെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി

86 (8146) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കാസർഗോഡ് ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുമ്പോൾ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; കൂടുതൽ സ്റ്റാഫിനെ നിയമിക്കുമോ ; നിലവിലുള്ള ഡോക്ടർമാർക്കും ജീവനക്കാർക്കും പ്രൊമോഷൻ നൽകുമോ ?

ഉത്തരം

സർക്കാർ ഉത്തരവ് (കൈ) നമ്പർ 26/2014/ആകവ തീയതി 22-1-2014 പ്രകാരം കാസർഗോഡ് ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി 10 കിടക്കകളിൽ നിന്ന് 30 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. 30 കിടക്കകളായി ഉയർത്തുമ്പോൾ 11 (പതിനൊന്ന്) തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിലുള്ള ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ചട്ടം അനുസരിച്ച് പ്രൊമോഷൻ നൽകുന്നതാണ്.

ഇരിണാവ് ആയുർവ്വേദ ആശുപത്രി വികസനം

87 (8147) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കണ്ണൂർ ജില്ലയിലെ ഇരിണാവ് ആയുർവ്വേദ ആശുപത്രിയിൽ ഇപ്പോൾ എത്ര തസ്തികകളാണ് നിലവിലുള്ളത് ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; കിടത്തി ചികിത്സ ആരംഭിച്ച പ്രസ്തുത ആശുപത്രിയിൽ കൂടുതൽ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly